പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1232 02/03/2017-ൽ മറുപടിക്ക്

അദ്ധ്യാപക തസ്തികകയിൽ ഭിന്നശേഷിക്കാർക്ക് സംവരണം

**ചോദ്യം**

ശ്രീ. ഇ.കെ. വിജയൻ:

(എ) എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപക തസ്തികയിൽ ഭിന്നശേഷിയുള്ളവർക്ക് നിലവിൽ എത്ര ശതമാനം സംവരണം നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ:

(ബി) ഇപ്രകാരം സംവരണം നൽകി നിയമനം നൽകിയ സ്കൂളുകളുടെ പേര് വെളിപ്പെടുത്തുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) 1995-ലെ PWD Act (Persons with Disabilities Act 1995) സെക്ഷൻ 33-ൽ അനുശാസിക്കുന്ന പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ 3% ഒഴിവുകളിൽ ശാരീരിക അവശതകൾ നേരിടുന്ന വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന് 9-9-2016 - ലെ സ.ഉ (കൈ) നമ്പർ 155/2016/പൊവിവ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ആക്ട്/റൂൾസ് എന്നിവയിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള വിദ്യാഭ്യാസ ആക്ടിലും റൂൾസിലും ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തിയിട്ടില്ലാത്തതിനാൽ നിയമ പ്രകാരം ടി സംവരണം അനുവദിച്ച് ഭിന്നശേഷിക്കാർക്ക് നിയമനം നൽകിയ സ്കൂളുകൾ ഇപ്പോൾ ഇല്ല.

സെക്ഷൻ ഓഫീസർ